**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 181** | **23-08-2022 - ൽ മറുപടിയ്ക്ക്**

**ആർദ്രം മിഷൻ-2 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം മിഷൻ-2 പദ്ധതിയുടെ ഭാഗമായി പൗരന്മാരുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും ജീവിതശൈലി രോഗങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും ചെയ്യുന്ന പദ്ധതി ദേവികുളം മണ്ഡലത്തിലെ ഏതൊക്കെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; അറിയിക്കാമോ; | (എ) | **ദേവികുളം സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ് ഈ പദ്ധതിയ്ക്കായി ദേവികുളം മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.** |
| (ബി) | പ്രസ്തുത പദ്ധതി മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ 30 വയസ്സ് കഴിഞ്ഞ മുഴുവൻ വ്യക്തികൾക്കും വർഷത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷനു കീഴിൽ വാർഷിക സ്ക്രീനിംഗ് പരിപാടി ആരംഭിച്ചിട്ടുണ്ട്. കാൻസർ അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ തടയുകയും, നേരത്തെ കണ്ടെത്തി ചികിത്സിക്കുകയുമാണ് പ്രധാന ലക്ഷ്യം.<br><br>ആദ്യ ഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു പഞ്ചായത്തിനെ യാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ജീവിത ശൈലി രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ഇതുസംബന്ധിച്ച ആധികാരികമായ കണക്കുകൾ കണ്ടെത്തുക എന്നത് ഈ രോഗങ്ങളുടെ നിയന്ത്രണത്തി നാവശ്യമായ ആസൂത്രണത്തിന് വളരെ പ്രാധാന്യം സംബന്ധിച്ച ഒന്നാണ്. കൂടാതെ ജീവിതശൈലീ രോഗങ്ങൾ ഉണ്ടോ എന്ന് അറിയാത്ത ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭവന സന്ദർശനത്തിലൂടെ എല്ലാ ജനങ്ങളെയും സ്ക്രീനിംഗ് വിധേയമാക്കുന്നതിലൂടെ സമൂഹത്തിലെ എല്ലാ രോഗികളെയും കണ്ടെത്തുന്നതിനും മതിയായ ചികിത്സ നൽകുന്നതിനും അതിലൂടെ ഗുരുതര രോഗങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. രോഗ നിർണ്ണയം നടത്തിയ എല്ലാ പേർക്കും സൗജന്യ ചികിത്സ |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.<br><br>ക്യാൻസർ രോഗം പ്രാരംഭ ദശയിൽ തന്നെ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ഈ രോഗങ്ങളുടെ ചികിത്സ നേരത്തെ ആരംഭിക്കുന്നതിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. ഓരോ പ്രദേശത്തെയും രോഗങ്ങളുടെയും, രോഗികളുടെയും സ്ഥിതി വിവര കണക്ക് ലഭ്യമാകുന്നതോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തുന്നതിനും ഫണ്ട് വിനിയോഗം സുഗമമാക്കുന്നതിനും സാധ്യമാകുന്നതാണ്.<br><br>ശൈലീ ആപ്പ് വഴി ആശപ്രവർത്തകർ മുഖാന്തിരം ശേഖരിക്കുന്ന അടിസ്ഥാന വിവരങ്ങൾ ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ഇത് വഴി UHID (യുണിക്ക് ഹെൽത്ത് ഐഡന്റിറ്റി) ലഭിക്കുകയും ചെയ്യും. റഫറൽ സംവിധാനത്തെ ഏറെ എളുപ്പമുള്ളതും കുറ്റമറ്റതുമാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ശൈലീ ആപ്പ് വഴി കണ്ടെത്തുന്ന ഉയർന്ന അപകട സാധ്യതയുള്ള വിഭാഗത്തെ കണ്ടെത്താനും അവർക്ക് ആവശ്യമുള്ള തുടർ പരിശോധനകളും ചികിത്സകളും നൽകുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നത് വഴി സംസ്ഥാനത്തെ രോഗാ തുരത അളക്കാനും, അത് നിയന്ത്രിക്കാനും, തടയാനും ഒപ്പം സങ്കീർണതകൾ കുറയ്ക്കാനുള്ളതുമായ നടപടികൾക്കുള്ള വിവരം ലഭിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ